# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6560 — 09.07.2014 ൽ മറുപടിയ്ക്ക്

## എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള പ്യൂൺ/വാച്ച്മാൻ ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ മാറ്റുന്നതിനനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുമെന്നത് കൂടി പരിഗണിച്ച് എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി തീരുമാനം കൈക്കൊണ്ട ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് സംബന്ധിച്ച് വീഴ്ച വന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) ഏതെല്ലാം ഒഴിവുകളാണ് ഇതുവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത്; | (ബി) എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി അംഗീകരിച്ച എല്ലാ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | 2014 ജൂലൈ 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും അറിയിക്കുമോ; | (സി) 2014 ജൂലൈ 31 വരെയുള്ള ഒഴിവുകൾ കണക്കാക്കി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ക്ലാസ്സിഫിക്കേഷനിൽ വരുന്ന മാറ്റത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് കണക്കാക്കുവാൻ കഴിയാതിരുന്നതിനാലാണ് മുൻകൂട്ടി ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയാതിരുന്നത്. |
| (ഡി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 13 ഫെബ്രുവരി 2014 ലെ 3943 നമ്പർ പരിപത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ സംബന്ധിച്ച് പാലക്കപ്പെടുന്നുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 13.02.2014 ലെ പരിപത്രം സർക്കാരിന്റെ വിവിധ വകുപ്പുകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ളതും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും (റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകുന്ന തീയതി സഹിതം) അടിയന്തിരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായുള്ള കർശന നിർദ്ദേശം എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ